## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2521 | | | 07.10.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| പ്രധാനമന്ത്രിയുടെ ഭവനനിർമ്മാണ പദ്ധതി (PMAY) | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അടൂർ പ്രകാശ് | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | നഗരങ്ങളിൽ വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുവാനുള്ള പ്രധാനമന്ത്രിയുടെ ഭവനനിർമ്മാണ പദ്ധതി (PMAY) പ്രകാരം 2015, 2016 വർഷങ്ങളിൽ എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു; അവയിൽ എത്രയെണ്ണം പൂർത്തിയാക്കി; | (എ) | പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം 2016-17 കാലയളവിൽ 8382 ഭവനങ്ങളുടെ നിർമ്മാണത്തിനും 917 ഭവന വിപുലീകരണത്തിനും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം പുരോഗമിച്ച് വരുന്നു. ഒരു ഭവനവും പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | ഈ പദ്ധതിക്ക് ഈ വർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിക്കുകയുണ്ടായി; | (ബി) | 131.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിപ്രകാരം ഓരോ വീടിനും കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം, നഗരസഭാവിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ എത്രയാണ്; | (സി) | പദ്ധതിയിലെ നാലാമത്തെ ഘടകമായ വ്യക്തിഗത ഭവന നിർമ്മാണത്തിന് കേന്ദ്രവിഹിതം 1.5 ലക്ഷം രൂപയും, സംസ്ഥാന വിഹിതം 0.5 ലക്ഷം രൂപയും, നഗരസഭാവിഹിതം 0.5 ലക്ഷം രൂപയും, ഗുണഭോക്തൃവിഹിതം 0.5 ലക്ഷം രൂപയും ഉൾപ്പെടെ 3 ലക്ഷം രൂപയാണ് ഭവനത്തിന്റെ യൂണിറ്റ് കോസ്റ്റ്. |
| (ഡി) | എത്ര ചതുരശ്ര വിസ്തീർണ്ണമുള്ള വീടുകളാണ് ഈ പദ്ധതിയിൽ നിർമ്മിക്കാവുന്നത്; | (ഡി) & (ഇ) | 30 ച.മീ അധികരിക്കാതെ ഭവനം നിർമ്മിക്കാൻ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു. എന്നാൽ സംസ്ഥാനത്തിന്റെ അഭ്യർത്ഥന മാനിച്ച് 30 ച.മീ അധികരിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അനുവദിക്കുമ്പോൾ ആയതിനു വേണ്ടിവരുന്ന അധികതുക ബന്ധപ്പെട്ട ഗുണഭോക്താവ് കണ്ടെത്തേണ്ടതായിട്ടുണ്ട്. |
| (ഇ) | കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് നിർമ്മിക്കുന്ന വീടുകളുടെ വിസ്തീർണ്ണം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; അതിനുള്ള അധികസഹായം കേന്ദ്രത്തിൽ നിന്നും ലഭിക്കുമോ; | | |
| (എഫ്) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വീടില്ലാത്തവർക്കായുള്ള പുതിയ ഭവന നിർമ്മാണ പദ്ധതി ഈ പദ്ധതിയുമായി ബന്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള LIFE പദ്ധതിയുമായി പി.എം.എ.വൈ ബന്ധിപ്പിക്കുന്നതാണ്. പി.എം.എ.വൈ പദ്ധതിയിൽ വസ്തു വാങ്ങുന്നതിനോ ലഭ്യമാക്കുന്നതിനോ ധനസഹായം ഇല്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ പദ്ധതി വഴി ലഭ്യമാകുന്ന സ്ഥലങ്ങളിൽ പി.എം.എ.വൈ ആനുകൂല്യം വച്ച് ഭവന നിർമ്മാണം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ